സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

ശബരിമല ദേവസ്വം - കൊല്ലവർഷം 1190 ലെ മണ്ഡലം മകരവിളക്ക് തീർത്ഥാടനം - ഭണ്ഡാരത്തിലെ കാണിക്ക തുക അപഹരണം - സൂപ്പർവൈസറി ആഫീസർമാരുടെ പേരിലുള്ള നടപടി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 780/15/Est-I** നന്തൻകോട്, **13/05/2016**

---

പരാമർശം :- 1) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) യുടെ 24-01-2015 ലെ 11/2015/CT/TDB/Vig നമ്പർ റിപ്പോർട്ട്.

2) ദേവസ്വം കമ്മീഷണറുടെ 28-01-2015 ലെ ROC 865/15/Sab നമ്പർ റിപ്പോർട്ട്.
3) 05-02-2016 ലെ മേൽ നമ്പർ ഉത്തരവ്.
4) 27-02-2015 ലെ മേൽ നമ്പർ ഉത്തരവ്.
5) ബഹു: ഹൈക്കോടതിയുടെ 20-02-2015 ലെ WP(C) 4410/2015 നമ്പർ ഉത്തരവ്.
6) 02-04-2015 ലെ മേൽ നമ്പർ ഉത്തരവ്.
7) 17-02-2016 ലെ മേൽ നമ്പർ ഉത്തരവ്.
8) 15-04-2016 ലെ ഗാർഹികാന്വേഷണ റിപ്പോർട്ട്.

## ഉത്തരവ്

കൊല്ലവർഷം 1190 ലെ ശബരിമല മണ്ഡലം-മകരവിളക്ക് തീർത്ഥാടനം സംബന്ധിച്ച് ഭണ്ഡാരം ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്ന ആറ് ദേവസ്വം ബോർഡ് ജീവനക്കാർ 16,65,725/- രൂപ മൂല്യമുള്ള വകകൾ അപഹരണം നടത്തിയത് സംബന്ധിച്ച് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) -ന്റെ റിപ്പോർട്ടിന്റേയും (പരാമർശം -1) ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെയും (പരാമർശം -2) അടിസ്ഥാനത്തിൽ സൂപ്പർവൈസറി ആഫീസർമാരായിരുന്ന ഉദ്യോഗസ്ഥരായ

(i) ഭണ്ഡാരം ചീഫ് സ്പെഷ്യൽ ആഫീസർ ശ്രീ. ബി. സന്തോഷ്കുമാർ (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നോർത്ത് പറവൂർ ഗ്രൂപ്പ്),
(ii) സ്പെഷ്യൽ ആഫീസർ ശ്രീ. വി. ഹരികുമാർ (റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഒ.റ്റി.സി. ഹനുമാൻ ദേവസ്വം, ഉള്ളൂർ ഗ്രൂപ്പ്),
(iii) അസിസ്റ്റന്റ് സ്പെഷ്യൽ ആഫീസർമാരായ ശ്രീ. ജി.ജി. മധു (ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ഏറ്റുമാനൂർ ഗ്രൂപ്പ്),
(iv) ശ്രീ. എസ്. നാരായണൻ പോറ്റി (സ്പെഷ്യൽ ഗ്രേഡ് ടൈപ്പിസ്റ്റ്, അസിസ്റ്റന്റ് ആഡിറ്റ് ആഫീസ്, കൊട്ടാരക്കര),
(v) ശ്രീ. എസ്. രാജ്മോഹൻ (ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, മുണ്ടക്കയം ഗ്രൂപ്പ്),
(vi) ശ്രീ. ജി. രാജശേഖരൻ ഉണ്ണിത്താൻ (അസിസ്റ്റന്റ് എഞ്ചിനീയർ (നോൺകേഡർ), ചീഫ് എഞ്ചിനീയർ ആഫീസ്),
(vii) ശ്രീ. പി. പി. വിജയകുമാർ (സബ്ഗ്രൂപ്പ് ആഫീസർ, തിടനാട് ദേവസ്വം, മുണ്ടക്കയം ഗ്രൂപ്പ്)

(മറുപുറം)

എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും (പരാമർശം – 3) ടി ഉദ്യോഗസ്ഥർക്ക് 27-02-2015 -ൽ കുറ്റപത്രം നൽകുകയും ചെയ്തു (പരാമർശം -4).

ബഹു: ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം (പരാമർശം -5) സസ്പെൻഡ് ചെയ്ത മേൽ ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടികൾക്ക് വിധേയമായി ടിയാന്മാർ ജോലി നോക്കിവന്നിരുന്ന സ്ഥലങ്ങളിൽ തിരികെ പ്രവേശിപ്പിക്കുകയും ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതുവരെ കാണിക്ക തിട്ടപ്പെടുത്തൽ ചുമതലയിൽ നിന്നും ഒഴിവാക്കിയും ഉത്തരവായി (പരാമർശം -6).

ടി വിഷയം സംബന്ധിച്ച് ഗാർഹികാന്വേഷണത്തിന് ബോർഡ് ഉത്തരവായതനുസരിച്ച് ലഭിച്ച ഗാർഹികാന്വേഷണ റിപ്പോർട്ടിൽ (പരാമർശം -7) സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ കുറവും ദേഹപരിശോധന നടത്തേണ്ട ഉദ്യോഗസ്ഥരുടേയും ക്യാമറ മോണിറ്ററിംഗ് വിഭാഗത്തിന്റെ അനാസ്ഥയുമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ ഇടയായിട്ടുള്ളത് എന്നും കുറ്റാരോപിതരായ ടിയാന്മാർക്കെതിരെ തെളിവൊന്നും ഇല്ലായെന്നും വിവരിച്ചിട്ടുള്ളതാണ്.

ബോർഡ് ടി വിഷയം വിശദമായി പരിശോധിച്ചു.

ഗാർഹികാന്വേഷണത്തിൽ ടി ഉദ്യോഗസ്ഥർ കുറ്റക്കാരല്ലെന്ന് കണ്ടെത്തിയതിനാൽ മേൽ വിവരിച്ച ഏഴുപേരുടേയും പേരിലുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ചും ഇവരുടെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി), തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
4. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ ✓ RDP Section
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. ലാ ആഫീസർ
7. ലെയ്സൺ ആഫീസർ, എറണാകുളം
8. The incumbets – ദേവസ്വം കമ്മീഷണർ മുഖേന
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ആഫീസ് കോപ്പി

SK